**സബ്മിഷൻ**

1. ഒറ്റപ്പാലത്ത് സാംസ്കാരിക നിലയം

ശ്രീ. കെ. പ്രേംകുമാർ: സർ, ഒറ്റപ്പാലം നഗരസഭാപരിധിയിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് 04-11-2020-ന് ഭരണാനുമതി ലഭിച്ചു. എന്നാൽ നാളിതുവരെയും പ്രസ്തുത പ്രവൃത്തി മുന്നോട്ടുപോകാൻ കഴിയാത്തൊരു സാഹചര്യമാണ്. താലൂക്ക് ആസ്ഥാനം എന്ന നിലയിലും വള്ളുവനാടിന്റെ കേന്ദ്രമെന്ന നിലയിലും ഒറ്റപ്പാലത്ത് സാംസ്കാരിക നിലയം നിർമ്മിക്കുന്നത് പുരോഗമന മതനിരപേക്ഷ സ്വഭാവമുള്ള പ്രവർത്തനങ്ങളുടെ കേന്ദ്രമെന്ന നിലയിൽ ഉപയോഗിക്കാൻ കഴിയുന്ന ഒന്നായി മാറും. അത് എത്രയും വേഗം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച സബ്മിഷൻ പരിശോധിക്കുകയുണ്ടായി. ഒറ്റപ്പാലം നഗരസഭയിൽ ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിലുൾപ്പെടുത്തി 5,38,70,118 രൂപ അനുവദിച്ചതിന്റെ ഭാഗമായി

പ്രവൃത്തിക്കാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും സ്ട്രക്ച്ചേഴ്സ് ഇന്ത്യ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 17-12-2021-ലെ ഒറ്റപ്പാലം നഗരസഭാ കൗൺസിൽ 25-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. ആയതിന്റെ ഭാഗമായി പ്രസ്തുത സ്ഥാപനം സാംസ്കാരിക നിലയത്തിന് ആവശ്യമായ സ്ട്രക്ച്ചറൽ വെറ്റിംഗ്, ഇലക്ട്രിക്കൽ ആന്റ് പ്ലംബിംഗ് ഡ്രോയിംഗ്, ഫയൽ ഡ്രോയിംഗ്, സോയിൽ ടെസ്റ്റ് ആന്റ് ടെക്നിക്കൽ സർവ്വീസ് എന്നിവ നടത്തി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുകയും തുടർന്ന് സാങ്കേതികാനുമതിക്കായി പ്രൈസ് 1 സോഫ്റ്റ്‌വെയർ മുഖാന്തരം തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും ചെയ്തു. എന്നാൽ 15-05-2022-ന് പ്രൈസ് 1 നിർത്തലാക്കിയതിനെത്തുടർന്ന് പ്രൈസ് 3-ൽ ഡി.പി.ആർ. സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നിർദ്ദേശം ലഭിക്കുകയും ആയതുപ്രകാരം 2018-ലെ നിരക്കനുസരിച്ച് കോസ്റ്റ് ഇൻഡക്സ് 34.75% പ്രകാരം വീണ്ടും ഡി.പി.ആർ. തയ്യാറാക്കി സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക്, കാലതാമസം കൂടാതെ പ്രവൃത്തി ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 2. നെയ്യാർ ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനം

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, തിരുവനന്തപുരം വന്യജീവി ഡിവിഷനിലെ നെയ്യാർ വന്യജീവി സങ്കേതത്തിൽ നെയ്യാർ ഡാമിനുള്ളിലെ മരക്കുന്നം ദ്വീപിൽ 1984-ൽ ലയൺ സഫാരി പാർക്ക്, നെയ്യാർ എന്ന പേരിൽ സിംഹസഫാരി പാർക്ക് ആരംഭിച്ചു. 10 ഏക്കർ ഭൂമിയിലാണ് ഈ സഫാരി പാർക്ക് പ്രവർത്തിച്ചുവന്നത്. ആരംഭഘട്ടത്തിൽ 3 പെൺസിംഹങ്ങളേയും 1 ആൺസിംഹത്തേയും തൃശ്ശൂർ മൃഗശാലയിൽ നിന്നുകൊണ്ടുവന്നാണ് പാർക്ക് തുടങ്ങിയത്. 1985 ജനുവരിയിൽ ടി പാർക്ക് പൊതുജനങ്ങളുടെ സന്ദർശനത്തിനായി തുറന്നുകൊടുത്തു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള Central Zoo Authority (CZA) നെയ്യാർ ലയൺ സഫാരി പാർക്കിന് ലൈസൻസും നല്കുകയുണ്ടായി. പാർക്കിലെ സിംഹങ്ങളുടെ സംരക്ഷണചെലവ് അധികരിച്ചപ്പോൾ സിംഹങ്ങളുടെ വംശവർദ്ധനവ് തടയുന്നതിനായി ആൺസിംഹങ്ങളെ വന്ധ്യംകരണത്തിന് വിധേയമാക്കി. ഇതേത്തുടർന്നുണ്ടായ അണുബാധയേറ്റ് ആൺസിംഹങ്ങൾ മരണപ്പെടുകയും തുടർന്ന് സിംഹങ്ങളുടെ എണ്ണം കുറഞ്ഞുവരികയും ചെയ്തു. 2019-ൽ ഗുജറാത്തിൽനിന്ന് ഒരു

ആൺസിംഹത്തേയും ഒരു പെൺസിംഹത്തേയും ഇവിടെ കൊണ്ടുവരികയും പെൺസിംഹം ആദ്യം മരണപ്പെടുകയും നാഗരാജ് എന്ന ആൺസിംഹം പിന്നീട് രോഗം ബാധിച്ച് മരണപ്പെടുകയും ചെയ്തു. ഏഷ്യയിലെ ആദ്യത്തെ ലയൺ സഫാരി പാർക്കും കേരളത്തിലെ ഒരേയൊരു ലയൺ സഫാരി പാർക്കുമാണ് നെയ്യാറിലുള്ളത്. സ്വദേശികളും വിദേശികളുമായി ധാരാളം സന്ദർശകർ ഈ പാർക്കിൽ വരുമായിരുന്നു. 2015-16 കാലയളവിൽ നെയ്യാർ വന്യജീവി സങ്കേതത്തിൽനിന്നുള്ള വരുമാനം 1,24,00,000 രൂപയായിരുന്നു. ഇപ്പോളത് 18 ലക്ഷം രൂപയായി ചുരുങ്ങി. പട്ടികവർഗ്ഗ മേഖലയിൽ നിന്നുൾപ്പെടെയുള്ള 62 ദിവസവേതന ജീവനക്കാർ ജോലി ചെയ്യുന്ന ഈ വന്യജീവി സങ്കേതത്തിലെ പ്രധാന വരുമാന സ്രോതസ്സായിരുന്നു ലയൺ സഫാരി പാർക്ക്. വരുമാനം കുറഞ്ഞതിനാൽ ദിവസ വേതന ജീവനക്കാരുടേയും സമീപത്തെ കച്ചവടക്കാരുടേയും അവസ്ഥ വളരെ പരിതാപകരമാണ്. നെയ്യാർ വന്യജീവി സങ്കേതത്തിലെ ലയൺ സഫാരി പാർക്കിന് അനുബന്ധമായി സ്ഥിതിചെയ്യുന്ന മാൻ പാർക്കിനോട് ചേർന്നുകിടക്കുന്ന വന ഭൂമിയിൽനിന്ന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നബാർഡിന്റെയോ മറ്റേതെങ്കിലും ഏജൻസിയുടേയോ സഹായത്തോടുകൂടി

ലയൺപാർക്ക് വിപുലീകരിച്ച് കൂടുതൽ സൗകര്യങ്ങളോടുകൂടി പുനഃപ്രവർത്തനം ആരംഭിക്കുന്നതിനുള്ള ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. അദ്ദേഹത്തിന്റെ മണ്ഡലത്തിൽപ്പെട്ട സഫാരി പാർക്കിന്റെ പ്രവർത്തനം തുടർന്ന് നടത്താൻ കഴിയാത്ത സാഹചര്യം സംബന്ധിച്ചാണ് സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. അദ്ദേഹം പറഞ്ഞതുപോലെ, നെയ്യാർ വന്യജീവി സങ്കേതത്തിലേയ്ക്കുള്ള മരക്കുന്നം ദ്വീപിൽ സ്ഥിതിചെയ്യുന്ന നെയ്യാർ ലയൺ സഫാരി പാർക്ക് 1984-ൽ സ്ഥാപിതമായതാണ്. തൃശ്ശൂർ മൃഗശാലയിൽ നിന്ന് നാല് സിംഹങ്ങളെ കൊണ്ടുവന്നാണ് അന്ന് പാർക്ക് പ്രവർത്തനമാരംഭിച്ചത്. ആ പാർക്കിന് പരിമിതമായ ഭൂവിസ്തൃതിയാണുള്ളത്. അദ്ദേഹം പറഞ്ഞതുപോലെ, ഇത് കേരളത്തിലെ ഒരേയൊരു ലയൺ സഫാരി പാർക്കാണ്. പാർക്കിലെ സ്ഥലപരിമിതി കണക്കിലെടുത്ത് അവയുടെ എണ്ണം നിയന്ത്രിക്കുന്നതിലേയ്ക്കായി സിംഹങ്ങളെ വന്ധ്യംകരണം നടത്തിയിരുന്നു. പ്രായാധിക്യവും രോഗങ്ങൾമൂലവും മരണപ്പെട്ട് സിംഹങ്ങളുടെ എണ്ണം

കുറഞ്ഞതിനെത്തുടർന്ന് ഈ പാർക്കിന്റെ നിലനില്പ് ഉറപ്പുവരുത്തുന്നതിനും വിനോദസഞ്ചാരികളുടെ പ്രധാന ശ്രദ്ധാകേന്ദ്രമെന്ന നിലയിലും പാർക്ക് സജീവമാക്കുന്നതിനായി 2019-ൽ ഗുജറാത്തിലെ Sakkarbaug Zoo-ൽ നിന്ന് രണ്ട് സിംഹങ്ങളെ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചത്. ഗുജറാത്തിൽ നിന്നും കൊണ്ടുവന്ന രണ്ട് സിംഹങ്ങളിൽ ഒന്ന് തിരുവനന്തപുരം മൃഗശാലയിൽവച്ചും മറ്റൊന്ന് സ്വകാര്യപാർക്കിൽ വച്ചും 2021-ൽ മരണപ്പെടുകയുണ്ടായി. ശേഷിച്ചിരുന്ന 'ബിന്ദു' എന്ന സിംഹവും 02-06-2021-ന് മരണപ്പെട്ടു. ആ പാർക്കിലിപ്പോൾ നിലവിൽ സിംഹങ്ങളൊന്നുംതന്നെ അവശേഷിക്കുന്നില്ല. പുതുതായി സിംഹങ്ങളെ കൊണ്ടുവരാനുള്ള ശ്രമത്തിനിടെ 1972-ലെ വന്യജീവി സംരക്ഷണനിയമം സെക്ഷൻ 38 (HR) അനുസരിച്ച് 13-12-2013-ലെ ഉത്തരവുപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ കീഴിലുള്ള Central Zoo Authority പാർക്കിന്റെ അംഗീകാരം റദ്ദാക്കുകയും ചെയ്തു. ബഹു. എം.എൽ.എ. പറഞ്ഞതുപോലെ, അവിടെയുള്ള വരുമാനംകൊണ്ടാണ് പ്രൊട്ടക്ഷൻ വാച്ചർമാർക്കുൾപ്പെടെ ശമ്പളം നൽകിയിരിക്കുന്നത്. Central Zoo Authority-യുടെ നിബന്ധനപ്രകാരം 20 ഹെക്ടർ വിസ്തൃതി

വേണമെന്നിരിക്കെ നെയ്യാർ ലയൺ സഫാരി പാർക്കിന് 4 ഹെക്ടർ ഭൂവിസ്തൃതി മാത്രമേയുള്ളൂ. ഇതാണ് പാർക്കിന് അംഗീകാരം നഷ്ടപ്പെടാനുള്ള പ്രധാന കാരണങ്ങളിലൊന്ന്. തുടർന്ന് അംഗീകാരം പുനഃസ്ഥാപിക്കുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് സെക്രട്ടറിക്ക് അപ്പീൽ നൽകുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം തിരുവനന്തപുരം Wildlife Warden hearing നടത്തി ഹാജരായി വിശദീകരണം നൽകുകയും ചെയ്തിരുന്നു. എന്നാൽ മാംസഭോജികളായ മൃഗങ്ങൾ സവാരി നടത്തുന്നതിന്, Central Zoo Authority നിഷ്കർഷിക്കുന്ന മാനദണ്ഡം നെയ്യാർ ലയൺ സഫാരി പാർക്കിനില്ലായെന്നതാണ് ഇപ്പോഴുള്ള പ്രശ്നം. അതിന്റെ അടിസ്ഥാനത്തിലാണ് അംഗീകാരം റദ്ദാക്കി ഇക്കഴിഞ്ഞ 22-06-2022-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഡിയർ പാർക്കിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്ത് ലയൺ സഫാരി പാർക്ക് ആരംഭിക്കാൻ കഴിയുമോ എന്നതാണ് പിന്നീട് ആലോചിക്കേണ്ടത്. അതുസംബന്ധിച്ച് നടത്തുന്ന പഠനത്തിന്റെ കൂടി വെളിച്ചത്തിൽ അനന്തരനടപടികൾ സ്വീകരിക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. നമുക്ക് ശുഭപ്രതീക്ഷയോടുകൂടി കാത്തിരിക്കാമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിക്കാൻ ഞാൻ ഉദ്ദേശിക്കുന്നത്.

3. വിദേശപഠനത്തിന് പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായം

ശ്രീ. വി. ശശി: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിന് ധനസഹായം നൽകുന്ന ഒരു ഗവൺമെന്റ് ഉത്തരവ് 04-10-2017-ൽ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. ആ ഉത്തരവിലെ മാർഗ്ഗനിർദ്ദേശപ്രകാരം ഇതിനാവശ്യമായ ധനസഹായം വിദ്യാർത്ഥികൾക്ക് അഡ്വാൻസായി ലഭിക്കാൻ അർഹതയുണ്ടെന്നാണ് കാണുന്നത്. ധനസഹായത്തിന്റെ ഒന്നാംഗഡു ആണ് അഡ്വാൻസായി ലഭിക്കേണ്ടത്. വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കുന്ന അവസരം യഥാർത്ഥ രീതിയിൽ പ്രയോജനപ്പെടുത്തണമെങ്കിൽ ഈ അഡ്വാൻസ് തുക ലഭ്യമായേ മതിയാകൂ. വിദ്യാർത്ഥി തന്നെ ഒന്നാം ഗഡു തുക കണ്ടെത്തി ചെലവഴിക്കണമെന്നാണ് ഉദ്യോഗസ്ഥർ സ്വീകരിക്കുന്ന നിലപാട്. ഇത് സർക്കാർ ഉത്തരവിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്. ഇതുമൂലം വിദേശപഠനം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ കഴിയാതെ മടങ്ങേണ്ടിവരുന്ന ഒരു സ്ഥിതിവിശേഷം നിലവിലുണ്ട്. അതുകൊണ്ട് ഈ ഗവൺമെന്റ് ഉത്തരവിലെ നിർദ്ദേശപ്രകാരം അഡ്മിഷൻ കിട്ടുന്ന വിദ്യാർത്ഥികൾക്ക് ഒന്നാം ഗഡു തുക അഡ്വാൻസായി നൽകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ

ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഇതുമായി ബന്ധപ്പെട്ട് 'വിനീത' എന്ന പെൺകുട്ടി അഡ്വാൻസായി തുക നൽകാത്തതുകൊണ്ട് 4 ലക്ഷം രൂപ കടമെടുത്ത് വിദേശ യൂണിവേഴ്സിറ്റിയിൽ അടച്ച് unconditional offer letter വാങ്ങി നൽകിയിട്ടുപോലും ഒന്നാം ഗഡു തുക കൊടുക്കാത്തതുകൊണ്ട് ആ കുട്ടിക്ക് വിദേശപഠനത്തിന് പോകാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. ഇതിനൊരു പരിഹാരം കാണണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം, ശ്രീ. വി. ശശി ഉന്നയിച്ചിരിക്കുന്ന വിഷയം വിദേശപഠനത്തിനായി പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മുൻകൂറായി തുക അനുവദിക്കണമെന്നാണ്. നിലവിൽ പോസ്റ്റ് ഗ്രാഡുവേഷൻ, പി.എച്ച്.ഡി. കോഴ്സുകൾക്കാണ് വിദേശ യൂണിവേഴ്സിറ്റികളിൽ പഠനത്തിനായി പ്രവേശനം നൽകുന്നത്. പ്രവേശനം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നവർക്ക് അവരുടെ അർഹത പരിശോധിച്ച് പരമാവധി 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്. പഠിക്കാൻ ഉദ്ദേശിക്കുന്ന

വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി ബാങ്ക് ഗ്യാരന്റി ആവശ്യപ്പെടുകയാണെങ്കിൽ വിദ്യാർത്ഥിയുടെയും വകുപ്പ് ഡയറക്ടറുടെയും പേരിൽ ജോയിന്റ് അക്കൗണ്ട് ഓപ്പൺ ചെയ്ത് ആവശ്യമായ തുക ഡെപ്പോസിറ്റ് ചെയ്യാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഇപ്പോൾ കുട്ടികൾക്ക് പ്രീ-മെട്രിക് മുതൽ പോസ്റ്റ് മെട്രിക്കും വിദേശപഠനത്തിനുൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്കോളർഷിപ്പുകളും അഡ്മിഷൻ ലഭിച്ചതിനുശേഷമാണ് ആനുകൂല്യം നൽകികൊണ്ടിരിക്കുന്നത്. അതിന് മാറ്റംവരുത്തണമെന്നാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെടുന്നത്. വിദേശപഠനത്തിന് പോകുന്ന കുട്ടികൾക്ക് അഡ്വാൻസായി തുക ലഭിക്കണമെന്നാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 174 കുട്ടികളെയാണ് വിദേശത്ത് പഠിപ്പിക്കാൻ വിട്ടത്. അതിൽ 161 കുട്ടികൾ എസ്.സി. വിഭാഗത്തിൽപ്പെട്ടതും 13 കുട്ടികൾ എസ്.ടി. വിഭാഗത്തിൽപ്പെട്ടതുമാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് രണ്ടുംമൂന്നും ഇരട്ടി കുട്ടികളെയാണ് വിദേശത്ത് വിട്ട് പഠിപ്പിക്കാൻവേണ്ടി തീരുമാനിച്ചിരിക്കുന്നത്. അവർക്ക് ഇതുവരെ അങ്ങനെയൊരു തടസ്സമുള്ളതായി ശ്രദ്ധയിൽവന്നിട്ടില്ല. ബഹുമാനപ്പെട്ട

മെമ്പർ സൂചിപ്പിച്ചത് ഒരു കുട്ടിക്ക് പഠനത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ല എന്നായിരുന്നു. വിദേശപഠനത്തിന് സെലക്ഷൻ കിട്ടുന്ന മുഴുവൻ കുട്ടികളെയും പഠിപ്പിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. വിദേശ പഠനത്തിനുവേണ്ടി അഡ്വാൻസായി തുക നൽകുന്ന കാര്യം പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

## 4. <u>ചാവറയച്ചനെക്കുറിച്ചുള്ള പാഠഭാഗം ഒഴിവാക്കിയ നടപടി</u>

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഏഴാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രം പുസ്തകത്തിൽ 8-ാം ഭാഗത്ത് 'നവകേരള സൃഷ്ടിക്കായി സംഭാവന ചെയ്ത നവോത്ഥാന നായകന്മാരുടെ' ലിസ്റ്റിൽ ചാവറ കുര്യാക്കോസ് പിതാവിന്റെ പേര് വിട്ടുപോയത് ശരിയായില്ല. അദ്ദേഹത്തിന്റെ സംഭാവനകളെകുറിച്ച് ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് പ്രത്യേകം പറയേണ്ട കാര്യമില്ല. ആർപ്പൂക്കരയിൽ അദ്ദേഹം സ്ഥാപിച്ച ഒരു വിദ്യാലയമാണ് ആദ്യമായി അവർണ്ണർക്കും സവർണ്ണർക്കും ഒന്നിച്ച് പഠിക്കാനുള്ള അവസരമൊരുക്കിയത്. അദ്ദേഹം കേരള കത്തോലിക്ക സഭയുടെ വികാരിയായിരിക്കുമ്പോൾ 'പള്ളിയോടൊപ്പം പള്ളിക്കൂടം' എന്നുള്ള ആശയം

മുന്നോട്ടുവയ്ക്കുകയും ഒരു സർക്കുലറിന്റെ അടിസ്ഥാനത്തിൽ അനേകം വിദ്യാലയങ്ങൾ തുടങ്ങുകയും ചെയ്തു. അതുപോലെതന്നെ പാഠപുസ്തകവും പ്രിന്റിംഗും ഉൾപ്പടെയുള്ള കാര്യങ്ങൾ ആരംഭിക്കുന്നതിനും വിപ്ലകരമായ മാറ്റങ്ങൾക്ക് പ്രത്യേകിച്ച് അന്ന് സവർണ്ണരും അവർണ്ണരും ഒന്നിച്ചിരുന്ന് പഠിക്കാനുള്ള വിദ്യാലയങ്ങളാണ് അദ്ദേഹം സ്ഥാപിച്ചതെല്ലാം. നവോത്ഥാനത്തിന് ഉതകുന്ന സംഭാവനകൾ ചെയ്ത അദ്ദേഹത്തെ ഏഴാം ക്ലാസ്സിലെ പാഠപുസ്തകത്തിൽ നവോത്ഥാന നായകന്മാരുടെ ലിസ്റ്റിൽ വിട്ടുപോയത് ശരിയായില്ല. എല്ലാ കാര്യങ്ങളും വിദ്യാഭ്യാസമന്ത്രി കണ്ടുകൊള്ളണമെന്നില്ല; ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അടുത്ത വർഷമെങ്കിലും ഇത് തിരുത്താനുള്ള നടപടിയുണ്ടാകണമെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന അങ്ങേയ്ക്ക് ഈ വിഷയത്തെക്കുറിച്ച് നന്നായിട്ടറിയാവുന്നതാണ്. കേരളത്തിൽ 2013-ൽ പുറപ്പെടുവിച്ച സ്കൂൾ പാഠപുസ്തകങ്ങളിലെ നയരേഖയുടെ അടിസ്ഥാനത്തിൽ ഉള്ളടക്കത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. 2014 മുതൽ പ്രസ്തുത പാഠപുസ്തകങ്ങളാണ്

ഉപയോഗിച്ചുവരുന്നത്. 2019-ൽ ഒൻപത്, പത്ത് ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ചില മെച്ചപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടെങ്കിലും ഉള്ളടക്കത്തിൽ കാതലായ ഒരു മാറ്റവും വരുത്തിയിട്ടില്ല. 2014 മുതൽ ഏഴാം ക്ലാസ്സിലെ സാമൂഹ്യ ശാസ്ത്രം പുസ്തകത്തിൽ ഒരുമാറ്റവും വരുത്താതെ തുടരുകയാണ്. എങ്ങനെയാണ് ഈ രൂപത്തിലുള്ള ചർച്ച വന്നതെന്നതിനെക്കുറിച്ച് പരിശോധിക്കേണ്ടതാണ്. വസ്തുതയിതായിരിക്കെ, ഏഴാം ക്ലാസ്സ് സാമൂഹ്യശാസ്ത്ര ചരിത്ര ഭാഗത്തുനിന്നും വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ സംഭാവനകൾ ഒഴിവാക്കിയെന്ന വിധത്തിലുള്ള പ്രചരണം തെറ്റിദ്ധാരണജനകമാണ്. കഴിഞ്ഞ എട്ട് വർഷത്തിനിടയ്ക്ക് ഈ പാഠഭാഗവുമായി ബന്ധപ്പെട്ട് യാതൊരുവിധ മാറ്റവും വരുത്തിയിട്ടില്ല. ഈ പ്രചരണം വസ്തുതകൾക്ക് നിരക്കാത്തതും അടിസ്ഥാനരഹിതവുമാണ്. കൂടാതെ, നിലവിൽ പത്താം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രം ഭാഗം-II പുസ്തകത്തിലെ പേജ് 161-ലെ സാമൂഹ്യപരിഷ്കർത്താക്കളുടെ പട്ടികയിൽ കുര്യാക്കോസ് ഏലിയാസ് ചാവറ പിതാവിനെക്കുറിച്ചും അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട്. ഇതുകൂടാതെ, എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ രണ്ടാം

വർഷം ഹയർസെക്കണ്ടറി കേരള ചരിത്രം ഭാഗം IV-ൽ പേജ് 58-ൽ വിശുദ്ധ പിതാവ് കുര്യാക്കോസ് ഏലിയാസ് ചാവറയുടെ പ്രസിദ്ധീകരണങ്ങളും കേരളത്തിന്റെ സാമൂഹ്യ പരിഷ്കരണത്തിലെ അദ്ദേഹത്തിന്റെ സംഭാവനകളും ഫോട്ടോ സഹിതം പ്രതിപാദിച്ചിട്ടുണ്ട്. ഇതിലുപരി കേരളം സമഗ്രമായി ഇപ്പോൾ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണത്തിലേയ്ക്ക് കടക്കുകയാണ്. പ്രസ്തുത പരിഷ്കരണത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഒരുവശത്ത് കേന്ദ്രം ചരിത്രത്തെയും ശാസ്ത്ര സത്യത്തെയും തമസ്കരിച്ച് മുന്നോട്ടുപോകുമ്പോൾ കേരള നവോത്ഥാന നായകരുടെ സംഭവാനകൾക്ക് കൂടുതൽ പ്രാധാന്യം നൽകി മുന്നോട്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കർണ്ണാടക പോലുള്ള സംസ്ഥാനങ്ങളിൽ ഭഗത് സിംഗിന്റെയും ശ്രീനാരായണ ഗുരുദേവന്റെയും ചിത്രങ്ങളും വിവരങ്ങളുമെടുത്തുമാറ്റുകയും ചെയ്തുവെന്ന് പറഞ്ഞ് പത്രവാർത്തകൾ ധാരാളം വരുന്നുണ്ട്. കേരളം നാളിതുവരെ നേടിയ സാമൂഹ്യ-സാംസ്കാരിക നവോത്ഥാന പുരോഗമന ആശയങ്ങൾക്ക് ഊന്നൽ നൽകിയായിരിക്കും സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുന്നത്. പാഠ്യപദ്ധതി പരിഷ്കരിക്കുന്ന ഈ അവസരത്തിൽ ഏഴാം ക്ലാസ്സിലും വേണമെന്നുണ്ടെങ്കിൽ നമുക്ക് അക്കാര്യം പരിഗണിക്കാം. അത്

പരിഗണിക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടുമില്ല. ഏഴാം ക്ലാസ്സിലുംകൂടി അത് ഉൾപ്പെടുത്തുന്നതിനാണോ ഇത്തരത്തിൽ എടുത്തുമാറ്റിയതെന്നുള്ള നിലയിലുള്ള പ്രചരണം നടത്തുന്നതെന്ന് എനിക്കറിയില്ല. അങ്ങനെയാണെങ്കിൽ അത്തരത്തിൽ പ്രചരണം നടത്തേണ്ടതില്ല. ഏഴാം ക്ലാസ്സിലെയും പാഠ്യപദ്ധതിയിൽ ഇത് ഉൾപ്പെടുത്തുന്നതിനെ സംബന്ധിച്ച് പാഠ്യപരിഷ്കരണ കമ്മിറ്റിയോട് ആവശ്യപ്പെടാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നവോത്ഥാന നായകനായ ചാവറയച്ചനെക്കുറിച്ചുള്ള പാഠഭാഗം മാറ്റിയതിന് കാരണമെന്താണ്?

ശ്രീ. വി. ശിവൻകുട്ടി: ചാവറയച്ചനെക്കുറിച്ചുള്ള പാഠഭാഗം സാമൂഹ്യശാസ്ത്ര പുസ്തകത്തിൽ നിന്നും മാറ്റിയിട്ടില്ല, മാറ്റാതെതന്നെ ഒരു പ്രചരണം നടത്തുന്നത് തെറ്റാണ്. ഇതുവരെ മാറ്റിയിട്ടില്ല. മാറ്റാത്ത കാര്യത്തെ എങ്ങനെയാണ് മാറ്റിയെന്ന് പറയുന്നത്. അടുത്ത വർഷത്തിനുവേണ്ടിയുള്ള ഒരു തയ്യാറെടുപ്പാണ് ഇപ്രാവശ്യം നടത്തിക്കൊണ്ടിരിക്കുന്നത്. അതിനാൽ അതുസംബന്ധിച്ച് ഇത്രയും ബഹളം ഉണ്ടാക്കേണ്ടതില്ല.

## 5. മൂവാറ്റുപുഴ-കടാതി-കാരക്കുന്നം ബൈപ്പാസ്, മൂവാറ്റുപുഴ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണം

ഡോ. മാത്യു കുഴൽനാടൻ: സർ, ഒരു ബൈപ്പാസുപോലുമില്ലാത്ത നഗരമാണ് മൂവാറ്റുപുഴ. കടാതി-കാരക്കുന്നം ബൈപ്പാസ് ആ പ്രദേശവാസികളുടെ വലിയൊരു സ്വപ്നമാണ്. മൂവാറ്റുപുഴയ്ക്കുമാത്രമല്ല കോതമംഗലത്തിനും ഒരുപോലെ പ്രയോജനം ലഭിക്കുന്നൊരു ബൈപ്പാസാണിത്. കേന്ദ്ര സർക്കാരിന്റെ ഹൈവേ പ്രൊപ്പോസലുമായി ബന്ധപ്പെട്ടാണ് അങ്ങനെയൊരു ബൈപ്പാസിന്റെ സാധ്യത തെളിഞ്ഞുവന്നത്. ലാൻഡ് അക്വിസിഷന്റെ പകുതി തുക മാത്രം സംസ്ഥാനം മുടക്കിയാൽ മതിയാകും. ബാക്കി മുഴുവൻ തുകയും കേന്ദ്ര സർക്കാർ മുടക്കുമെന്നതാണ് അതിന്റെ ഏറ്റവും വലിയ സവിശേഷത. നിർഭാഗ്യവശാൽ ഹൈവേ പ്രൊപ്പോസൽ മാറിപ്പോകുകയും വേറൊരു അലൈൻമെന്റ് വരികയും ചെയ്തു. എന്നിരുന്നാലും ബഹുമാന്യനായ എം. പി. ഡീൻ കുര്യാക്കോസ് അടക്കമുള്ളവരുടെ പരിശ്രമത്തിന്റെ ഫലമായി stand-alone പ്രോജക്ടായി ബൈപാസ്സ് ചെയ്യാനുള്ള അനുമതി നൽകാമെന്ന് കേന്ദ്രസർക്കാർ പറഞ്ഞിട്ടുണ്ട്. അത് പ്രയോജനപ്പെടുത്തി നമ്മുടെ

സംസ്ഥാനത്തിന് ഏകദേശം 200 കോടി രൂപ മുടക്കാൻ സാധിക്കുമെങ്കിൽ 600 കോടി രൂപയ്ക്ക് മുകളിലുള്ള ഒരു പ്രോജക്ട് പൂർത്തിയാക്കാൻ കഴിയുമെന്നതാണ് കടാതി-കാരക്കുന്നം ബൈപ്പാസിന്റെ സവിശേഷത. സംസ്ഥാന സർക്കാരിന്റെ മിനിമം കോൺട്രിബ്യൂഷനിൽ നല്ല പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് പ്രയോറിറ്റി നൽകുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് അതിനൊരു പ്രയോറിറ്റി നൽകണം.

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മൂവാറ്റുപുഴ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയവുമായി ബന്ധപ്പെട്ട് 32 കോടി രൂപയുടെ അനുമതിയുണ്ടായിരുന്നു. ലോക്കൽ മാർക്കറ്റ് റേറ്റിൽ നിന്നും 7.5 ശതമാനം കൂടുതൽ തുക ടെണ്ടർ ചെയ്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനകത്ത് ഫില്ലിംഗ് വരുന്ന ഭാഗത്ത് വലിയ ചെലവ് വരുമെന്നതുകൊണ്ടാണ് എല്ലാവരും കൂടുതൽ തുക ക്വാട്ട് ചെയ്യാനിടയായത്. ഫില്ലിംഗിന് പകരമൊരു ഡിസൈൻ തയ്യാറാക്കി തന്ന് ആ സ്റ്റേഡിയത്തിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിരുന്നു. അതിന്റെ തുടർനടപടികൾ മുന്നോട്ടുനീങ്ങാത്ത പശ്ചാത്തലത്തിൽ ഈ രണ്ട് പദ്ധതികളും കിഫ്ബിയിലുൾപ്പെടുത്തി വേഗത്തിലാക്കാൻ സാധിക്കുമോയെന്നാണ് ചോദിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിലുൾപ്പെടുത്തി സർക്കാർ പ്രഖ്യാപിച്ചതാണ് മൂവാറ്റുപുഴ-കാക്കനാട് റോഡ്. പ്രസ്തുത റോഡിന്റെ അലൈൻമെന്റിൽ തുടക്കഭാഗത്ത് ചില വ്യതിയാനം വരുത്തി സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും പരിഗണനയിലുള്ള മൂവാറ്റുപുഴ-കടാതി-കാരക്കുന്നം ബൈപ്പാസ് റോഡിന്റെ സ്ഥലമെടുപ്പിനുവേണ്ടി വരുന്ന തുകയുടെ സംസ്ഥാന വിഹിതം കിഫ്ബി പദ്ധതിയായി പരിഗണിക്കണമെന്നും നിർദ്ദിഷ്ട കൊച്ചി-ധനുഷ്കോടി എൻ.എച്ച്. ബൈപ്പാസിന് സംസ്ഥാന സർക്കാർ വഹിക്കേണ്ട 50 ശതമാനം ലാൻഡ് അക്വിസിഷനുള്ള തുക വകയിരുത്തണമെന്നും ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടിരുന്നു. അദ്ദേഹം പറഞ്ഞതുപോലെ എൻ.എച്ച്. അവിടെനിന്നും മാറിയപ്പോയതിന്റെ പ്രശ്നമുണ്ട്. ബൈപ്പാസിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 50 ശതമാനം തുക പുതിയ അലൈൻമെന്റാണെങ്കിൽക്കൂടി ഏകദേശം 200 കോടി രൂപ വേണ്ടിവരുമെന്നാണ് അനുമാനിക്കുന്നത്. അക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പക്ഷെ കിഫ്ബി ഫണ്ടിന്റെയും പൊതുവിലുള്ള

ഫണ്ടിന്റെയും ലോണിന്റെയും ചില പുതിയ പ്രശ്നങ്ങൾകൂടി സാമ്പത്തികമായി ഉയർന്നുവന്നിട്ടുണ്ട്. അക്കാര്യംകൂടി പരിഗണിച്ച് അതിനനുസരിച്ച് കാര്യങ്ങൾ തീരുമാനിക്കാം. കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഇപ്പോൾ സാമ്പത്തികമായി കുറച്ചുകൂടി നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കേന്ദ്രസർക്കാർ ശക്തമായി ശ്രമിക്കുന്നുണ്ട്. അതുൾപ്പെടെയുള്ള കാര്യങ്ങളുണ്ട്. അത് പരിഗണിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്.

മൂവാറ്റുപുഴ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട ഡീറ്റെയിൽസ് മുഴുവൻ ഞാൻ വായിക്കുന്നില്ല. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കാം.+ അക്കാര്യത്തിൽ വേറെ തർക്കമൊന്നുമില്ല. 40 കോടി രൂപയുടെ പ്രോജക്ടായിരുന്നു. രണ്ടുപ്രാവശ്യം ടെണ്ടർ ചെയ്യുകയും നിർവ്വഹണ ഏജൻസിയെ ഏൽപ്പിക്കുകയും ചെയ്തിരുന്നതാണ്. 32.55 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയതാണ്. വളരെ വിപുലമായൊരു പദ്ധതിയാണിത്. രണ്ടുപ്രാവശ്യം ടെണ്ടർ ചെയ്തിട്ടും റേറ്റിന്റെ കാര്യത്തിലുള്ള അധികമാണ് അതുസംബന്ധിച്ച് ഏറ്റവും അവസാനം യു.എൽ.സി.സി. ബിഡ് ലോക്കൽ യൂണിറ്റ് നിരക്കിനെക്കാൾ 7.42 ശതമാനം മുകളിലും

+ അനുബന്ധമായി ചേർക്കുന്നു.

നിലവിലെ ഡി.എസ്.ആർ.+10% ടോളറൻസ് ലിമിറ്റിന് മുകളിലുമാണ്. അതുകൊണ്ടാണ് ഇപ്പോൾ എടുക്കാൻ സാധിക്കാത്തത്. കോൺട്രാക്ടർമാർ നെഗോസിയേഷന് തയ്യാറല്ലാത്തതിനാൽ ടെണ്ടർ രണ്ടാമതും നിരസിക്കപ്പെട്ടു. തുടർന്ന് എസ്റ്റിമേറ്റിൽ എർത്ത് ഫില്ലിംഗ് ഉയർന്നതോതിൽ ഉൾപ്പെടുത്തിയിരുന്നതിനാലും ബിഡ് ചെയ്ത തുക അസാധാരണമായ തോതിൽ കൂടിയതാലും പുനഃപരിശോധിക്കമെന്നും പ്രവൃത്തി സ്ഥലം സന്ദർശിച്ച് പദ്ധതി രൂപ രേഖ അനുയോജ്യമായി പുനഃക്രമീകരിക്കണമെന്നും സാങ്കേതികാനുമതി പരിഷ്കരിച്ച് ലഭ്യമാക്കണമെന്നും tender acceptance സമിതി പദ്ധതി നിർവ്വഹണ ഏജൻസിക്ക് 14-02-2022-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർനടപടികളൊന്നുംതന്നെ ഇതുവരെ ഏജൻസിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അത് വരുന്ന മുറയ്ക്ക് സ്റ്റേഡിയത്തിന്റെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

6. തവനൂർ-തിരുനാവായ പാലത്തിന്റെ നിർമ്മാണം

ഡോ. കെ. ടി. ജലീൽ: സർ, മലപ്പുറം ജില്ലയിലെ വളരെ പ്രധാനപ്പെട്ടൊരു പ്രൊപ്പോസലാണ് തിരുനാവായ-തവനൂർ പാലം നിർമ്മാണം. അത് പണിയുന്നതിനുവേണ്ടി വർഷങ്ങൾക്കുമുമ്പ് 2010-2011

സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പണം വകയിരുത്തിയിരുന്നുവെങ്കിലും സ്ഥലമേറ്റെടുപ്പിന്റെ പ്രശ്നം കാരണം നീണ്ടുപോകുകയാണുണ്ടായത്. എന്നാൽ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽവന്ന സമയത്ത് ആവശ്യമായ സ്ഥലമേറ്റെടുത്ത് കിഫ്ബിയിൽ നിന്നും പണവും അനുവദിച്ചു. 5-08-2021-ന് പ്രവൃത്തി ടെണ്ടർ ചെയ്തു. ഇപ്പോൾ ഏതാണ്ട് ഒരു വർഷം കഴിഞ്ഞിരിക്കുകയാണ്. ടെണ്ടർ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി എടുത്തുവെങ്കിലും അവർക്ക് ഇതുവരെ വർക്ക് ഓർഡർ നൽകാൻ സാധിച്ചിട്ടില്ല. ഇപ്പോൾ ഷെഡ്യൂൾ ഓഫ് റേറ്റ് മാറി. വർക്ക് ഓർഡർ കൊടുക്കാത്ത, എഗ്രിമെന്റ് വയ്ക്കാത്ത പശ്ചാത്തലത്തിൽ ടെണ്ടർ ഏറ്റെടുത്ത കമ്പനി അതിൽനിന്നും പിൻമാറാനുള്ള സാധ്യത തള്ളികളഞ്ഞുകൂടാ. വീണ്ടും നമ്മൾ ടെണ്ടർ ചെയ്യേണ്ടിവരും. ഇങ്ങനെപ്പോയാൽ ഭാരതപ്പുഴയ്ക്ക് കുറുകേയുള്ള വളരെ പ്രധാനപ്പെട്ട ഒരു ബ്രിഡ്ജിന്റെ പ്രവൃത്തി അനന്തമായി നീണ്ടുപോകുന്ന സ്ഥിതിയുണ്ടാകും. ലക്ഷകണക്കിന് രൂപാ ചെലവഴിച്ചാണ് അതിനാവശ്യമായ സ്ഥലം ഏറ്റെടുത്തത്. നവാമുകുന്ദ ക്ഷേത്രവുമായി ബന്ധപ്പെട്ട് ത്രിമൂർത്തി സംഗമം എന്നാണ് ആ പ്രദേശം അറിയപ്പെടുന്നത്. ത്രിമൂർത്തി സംഗമ സ്ഥലങ്ങളെ

യോജിപ്പിക്കുന്ന ഒരു ബ്രിഡ്ജ് കൂടിയാണ് തിരുനാവായ-തവനൂർ ബ്രിഡ്ജ്. അതിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് നടപടിയുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഡോ. കെ. ടി. ജലീൽ ഉന്നയിച്ച സബ്മിഷൻ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടാണ്. തിരുനാവായ-തവനൂർ പാലം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത്. ഇതിന്റെ എസ്.പി.വി. ആർ.ബി.ഡി.സി.കെ. ആണ്. 2006-ലെ എൽ.എഡി.എഫ്. സർക്കാരിന്റെ കാലത്ത് ഈ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്ന ചില നീക്കങ്ങൾ സംബന്ധിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്തുതന്നെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അന്ന് രാജ്യസഭാംഗമായ ശ്രീ. എ. വിജയരാഘവൻ ഇതുമായി ബന്ധപ്പെട്ട ചില ശ്രമങ്ങൾ നടത്തിയതും ഇപ്പോഴും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ഘട്ടത്തിൽ അദ്ദേഹം എൽ.ഡി.എഫ്. കൺവീനറായിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ. ഡോ. കെ. ടി. ജലീലും

ഈ വിഷയം മുന്നോട്ടുകൊണ്ടുപോകണം എന്നുപറഞ്ഞതിന്റെ ഭാഗമായിട്ടാണ് പദ്ധതിയുടെ മറ്റ് കാര്യങ്ങൾ വേഗത്തിലാക്കാൻ ഈ സർക്കാർ തുടക്കത്തിൽ തന്നെ ശ്രമിച്ചത്. പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയശേഷം പദ്ധതി നിർമ്മാണത്തിന് ടെണ്ടർ ക്ഷണിച്ചിരുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ ULCC Ltd. ടെണ്ടറിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്തു. കരാർ കമ്പനി ക്വാട്ട് ചെയ്ത തുക ടെണ്ടർ ക്ഷണിച്ച ഡി.എസ്.ആർ. 2016 പ്രകാരം 13.88 ശതമാനം അധികമാണ്. എന്നാൽ ഡി.എസ്.ആർ. 2018-നേക്കാളും ലോക്കൽ മാർക്കറ്റ് റേറ്റിനേക്കാളും കുറവുമാണ്. ഇതിനെത്തുടർന്ന് പ്രസ്തുത കമ്പനിക്ക് Letter of Acceptance (LoA) നൽകുകയും ഇത് കിഫ്ബിയെ അറിയിക്കുകയും ചെയ്തതാണ്. എന്നാൽ കിഫ്ബി ഇതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് ആർ.ബി.ഡി.സി.കെ. സാധൂകരണത്തിനുവേണ്ടി സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അത് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണുള്ളത്. ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച നടത്താൻ...ഡോ. കെ. ടി. ജലീൽ

പറഞ്ഞതുപോലെ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു മേൽപ്പാലമാണിത്. ആ പ്രദേശത്തിന്റെ പ്രത്യേകത നമുക്കറിയാവുന്നതാണ്. ആ നിലയിൽത്തന്നെ പൊതുമരാമത്ത് വകുപ്പ് ഈ വിഷയത്തെ കാണുന്നുണ്ട് എന്നുള്ളത് സഭയെ അറിയിക്കുകയാണ്.

## 7. വെങ്ങോല ശാലേം-ഊട്ടിമറ്റം റോഡ്, മണ്ണൂർ-പോഞ്ഞാശ്ശേരി റോഡ് നിർമ്മാണം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പെരുമ്പാവൂർ മണ്ഡലത്തിലെ റോഡുകളുടെ ദുരവസ്ഥ ഞാൻ പലതവണ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. പക്ഷേ അതിനാവശ്യമായ പരിഗണനയോ ഭരണാനുമതിയോ ലഭ്യമായിട്ടില്ല. പെരുമ്പാവൂരിൽ വരുന്ന ഒരാൾ അവിടത്തെ കുഴികൾ, റോഡ്, ഗതാഗതക്കുരുക്ക് കാണുമ്പോൾ സത്യം പറഞ്ഞാൽ എന്റെ മുമ്പുള്ള നാലഞ്ച് തലമുറകളെ സ്മരിച്ചുകൊണ്ടാണ് റോഡിലൂടെ കടന്നുപോകുന്നത്. അങ്ങയെ എത്രമാത്രം തലമുറകൾ സ്മരിക്കുമെന്നുള്ളത് പൊതുമരാമത്ത് വകുപ്പുമന്ത്രി ചിന്തിക്കേണ്ടതാണ്. അവിടെ പൊതുമരാമത്ത് വകുപ്പിന് 46 റോഡുകളാണുള്ളത്. 251.735 കിലോമീറ്റർ ദൈർഘ്യമാണുള്ളത്. പക്ഷേ അതിൽ 68 കിലോമീറ്റർ റോഡ് മാത്രമാണ് പെരുമ്പാവൂരിൽ BM&BC ചെയ്തിട്ടുള്ളത്. 183 കിലോമീറ്ററോളം

റോഡ് തകർന്ന് കിടക്കുന്ന അവസ്ഥയിലാണുള്ളത്. അങ്ങ് സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളെയും ഒന്ന് പരിശോധിക്കണമെന്ന് അങ്ങയോട് ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്. എത്ര ശതമാനം റോഡുകൾ BM&BC നിലവാരത്തിലാക്കിയിട്ടുണ്ടെന്ന് നോക്കിയാൽ അതിലേറ്റവും താഴെ നിൽക്കുന്ന ഒരു മണ്ഡലമാണ് പെരുമ്പാവൂർ. അവിടെ ഒട്ടേറെ വ്യവസായ സ്ഥാപനങ്ങളുണ്ട്. പെരുമ്പാവൂരിൽ നിന്നും ഒട്ടേറെ ടാക്സ് ലഭിക്കുന്നുണ്ട്. അരി, തടി, പ്ലൈവുഡ് ഉൾപ്പെടെയുള്ള കാര്യങ്ങൾ അവിടെ നിന്നും ലഭിക്കുന്നുണ്ട്. മണ്ണൂർ-പോഞ്ഞാശ്ശേരി റോഡ് കിഫ്ബിയിൽ നിന്നും നിർമ്മാണം നടത്തുന്നത് നോക്കുന്നതിനുവേണ്ടി അങ്ങ് വന്നിട്ട് ഇന്നേയ്ക്ക് 10 മാസം തികഞ്ഞു. പക്ഷേ റോഡ് ഡെലിവറിയായിട്ടില്ല. അതായത് റോഡ് ഒരു സെന്റിമീറ്റർ പോലും മുന്നോട്ടുപോയിട്ടില്ല. ഇവിടെ ഇരിക്കുന്ന കുന്നത്തുനാട് എം.എൽ.എ. ശ്രീ. പി. വി. ശ്രീനിജിൻ കൂടി ഉൾപ്പെടുന്ന മണ്ണൂർ-പോഞ്ഞാശ്ശേരി ബൈപ്പാസ് 11 കിലോമീറ്റർ ദൈർഘ്യമുള്ളത് 5 വർഷമായി ഈ വകുപ്പിന് നിർമ്മാണം നടത്താൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് വലിയ അനാസ്ഥയാണ്. ഈ ഫോട്ടോ കണ്ടോ (പത്രം ഉയർത്തിക്കാട്ടി), ഇത് പെരുമ്പാവൂർ മണ്ഡലത്തിലെ ഓണംകുളം-ഊട്ടിമറ്റം റോഡാണ്. ഈ റോഡ്

നാലുകിലോമീറ്റർ ദൂരമേയുള്ളൂ. അവിടെ വാഹനങ്ങൾ മറിഞ്ഞു. ഇതുപോലെയുള്ള ഒട്ടേറെ റോഡുകൾക്ക് ഫണ്ട് അനുവദിച്ചില്ലെങ്കിൽ യാത്രാക്ലേശം ദുരിതമാണ്. വാഹനങ്ങൾ മറിയുന്നു, കുട്ടികൾക്ക് യാത്ര ചെയ്യാൻ കഴിയുന്നില്ല. ഒട്ടേറെ മരണങ്ങൾ ഉണ്ടാകുന്നുവെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മുള്ളി-തോട്ടുവ റോഡ് പോലുള്ള പല റോഡുകളുണ്ട്. ഇതെല്ലാം ബഡ്ജറ്റിലുൾപ്പെടുത്തി ലിസ്റ്റ് തന്നിട്ടുള്ളതാണ്. പക്ഷേ ഫണ്ട് അനുവദിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കുകയാണ്, നമുക്കറിയാം ഒരു എം.എൽ.എ.-യെ സംബന്ധിച്ചിടത്തോളം അതിന് ഭരണാനുമതി നൽകാൻ കഴിയുകയില്ല. റിക്വസ്റ്റ് നൽകാൻ മാത്രമേ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ ഈ റോഡുമായി ബന്ധപ്പെട്ട് കാര്യങ്ങൾ മുമ്പോട്ടുപോകുമ്പോൾ എനിക്ക് ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാനുള്ളത്, ഭരണരംഗത്ത് പ്ലാൻ ചെയ്യുമ്പോൾ കൃത്യമായിട്ടുള്ള മാറ്റങ്ങൾ വരുത്തണം. അതായത്, മാർച്ചിൽ ഉണക്കുള്ള സമയത്ത് പദ്ധതി കൊണ്ടുവരികയും മഴയുള്ളപ്പോൾ പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്ന രീതിക്ക് മാറ്റമുണ്ടാക്കി ഡിസംബർ മാസത്തോടുകൂടി പദ്ധതി ആരംഭിക്കുന്ന രീതിയിലേക്ക് പോയിക്കഴിഞ്ഞാൽ

റോഡുകൾ പെട്ടന്ന് റെഡിയാക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകും. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. പെരുമ്പാവൂർ മണ്ഡലത്തിലെ റോഡുകൾ അടിയന്തരമായി BM&BC നിലവാരത്തിൽ ചെയ്യാൻ വേണ്ടി ഫണ്ട് അനുവദിക്കണമെന്നും ആവശ്യമായ സഹായമുണ്ടാകണമെന്നും അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട എൽദോസ് പി. കുന്നപ്പിള്ളിൽ ഉന്നയിച്ചിട്ടുള്ള വിഷയം അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തിലെ റോഡുകളുടെ പരിപാലനം ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ്. നിലവിൽ റോഡുകളിൽ പരിപാലനം ഉറപ്പാക്കാൻ റണ്ണിംഗ് കോൺട്രാക്ട് സമ്പ്രദായമാണ് നടപ്പിലാക്കുന്നത്. ഒരു വർഷത്തേക്ക് ഒരു റോഡിന്റെ പരിപാലന കാലാവധി ഉറപ്പാക്കുന്ന പദ്ധതിയാണിത്. ഇതൊരു പുതിയ പദ്ധതിയാണ്. പരിപാലന കാലാവധി കഴിഞ്ഞ് റോഡുകൾക്ക് കുണ്ടും കുഴിയും വന്നാൽ അപ്പോൾ ആലോചിച്ച് എസ്റ്റിമേറ്റ് എടുത്ത് ടെണ്ടർ വിളിച്ചുവരുമ്പോൾ കാലം കുറെ കഴിയും. അതുകൊണ്ട് പരിപാലന കാലാവധി തീരുന്നതിന് മുമ്പുതന്നെ ഒരു

കോൺട്രാക്ട് സംവിധാനം നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവരികയാണ്. അത് വളരെ ഫലപ്രദമായിരിക്കും. ഭാവിയിൽ അതിന്റെ ഗുണഭോക്താക്കളായി മാറാൻ സാധിക്കും. ആ പദ്ധതിയിൽ പെരുമ്പാവൂരിലെ റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് എത്രത്തോളം നടക്കുന്നുവെന്നുള്ള പരിശോധന നമുക്ക് നടത്താവുന്നതാണ്.

വെങ്ങോല ശാലേം-ഊട്ടിമറ്റം റോഡിന്റെ പരിപാലനത്തിന് BM&BC നിലവാരത്തിലേക്ക് ഉയർത്തണമെന്നാണ് സബ്മിഷനിൽ അദ്ദേഹം ഉയർത്തിയ മറ്റൊരാവശ്യം. അത് പ്രത്യേകമായി പരിശോധിക്കേണ്ടതാണ്. BM&BC ആണ് ഏറ്റവും ഉയർന്ന ഗുണനിലവാരം. കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ 29,522 കിലോമീറ്ററാണ്. 5 വർഷത്തിനുള്ളിൽ അതിന്റെ 50 ശതമാനത്തിലധികം റോഡുകളും BM&BC നിലവാരത്തിലാക്കി തീർക്കാനുള്ള കഠിനപ്രയത്നത്തിലാണ് വകുപ്പ്. പക്ഷേ അതിന് ചെലവ് കൂടുതലാണ്. ഈ പ്രത്യേക പദ്ധതി, ധനലഭ്യതയുൾപ്പെടെ പരിശോധിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കാം. നമുക്ക് ധനകാര്യ വകുപ്പുമായി ചർച്ച ചെയ്യാം.

മണ്ണൂർ-പോഞ്ഞാശ്ശേരി റോഡ് നവീകരണത്തിൽ 79 ശതമാനം

പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 340 മീറ്റർ ഭാഗത്തെ പ്രവൃത്തി ചെയ്യേണ്ടതുണ്ട്. കരാറുകാരന്റെ അനാസ്ഥയും വീഴ്ചയും കാരണം പ്രസ്തുത പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത് ബാക്കി പ്രവൃത്തിക്ക് 73.5 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചുകഴിഞ്ഞു. പ്രവൃത്തി ആരംഭിക്കാനാവുന്ന ഘട്ടത്തിലെത്തിക്കഴിഞ്ഞു. ഈ റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി പ്രത്യേക ഫണ്ട് അനുവദിക്കുകയും അത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ അദ്ദേഹം പറഞ്ഞ ഒരു കാര്യം അത്ഭുതപ്പെടുത്തുകയാണ്. പെരുമ്പാവൂർ മണ്ഡലത്തിൽ ഒരുപാട് കാര്യങ്ങൾ ഈ ഗവൺമെന്റ് വന്നതിനുശേഷം ചെയ്തിട്ടുണ്ട്. അദ്ദേഹം എന്താണ് അങ്ങനെ പറഞ്ഞതെന്ന് എനിക്കറിയില്ല. ഈ സർക്കാർ പെരുമ്പാവൂർ മണ്ഡലത്തിലെ റോഡുകൾ നവീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. 2021-22-ൽ ശബരിമല റോഡ് പാക്കേജ് പ്രഖ്യാപിച്ചപ്പോൾ അതിലൊന്ന് പെരുമ്പാവൂർ മണ്ഡലത്തിലായിരുന്നുവെന്നുള്ളത് ഞാൻ പ്രത്യേകം ഇവിടെ പറയാനാഗ്രഹിക്കുകയാണ്. ആലുവ-മൂന്നാർ റോഡിൽ നവീകരണത്തിന് 8 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

അതിന് ഭരണാനുമതി നൽകിയ വിവരവും ഇവിടെ പ്രത്യേകം അറിയിക്കുകയാണ്. ശബരിമല വർക്ക് നല്ല പുരോഗതി ഉണ്ടായിട്ടുണ്ട്. 2022-23 ബഡ്ജറ്റിലുൾപ്പെടുത്തിയ പെരുമ്പാവൂർ-കൊയിൻമുള്ളി റോഡിന് 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രഖ്യാപിച്ച് 3 മാസത്തിനുള്ളിൽ ഭരണാനുമതി നൽകാൻ വകുപ്പിന് സാധിച്ച വിവരം അദ്ദേഹം അഭിനന്ദിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. എന്തായാലും അതുണ്ടായിട്ടില്ല. അതുകൊണ്ട് അക്കാര്യവും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ തുടരുകയാണ്. ഇത്രയും കാര്യങ്ങൾ പെരുമ്പാവൂർ മണ്ഡലത്തിന് ചെയ്തിട്ടുണ്ട് എന്നുള്ളതുകൊണ്ടുതന്നെ പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ 10 തലമുറയിലെ ജനങ്ങൾ സർക്കാരിനെ പ്രത്യേകം എടുത്തുപറഞ്ഞ് അഭിനന്ദിക്കുമെന്നുള്ളതാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇവിടെ പറഞ്ഞ മറ്റ് പ്രശ്നങ്ങൾ നമുക്ക് ഗൗരവത്തിൽ പരിശോധിക്കാം. നമുക്ക് ഒരുമിച്ച് കൈകോർത്തുനിന്നുകൊണ്ട് പരിഹരിക്കാൻ ഇടപെടാമെന്നുള്ളത് സഭയെ പ്രത്യേകം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

8. മൂവാറ്റുപുഴ-കാക്കനാട് നാലുവരിപ്പാത

ശ്രീ. പി. വി. ശ്രീനിജിൻ: സർ, എറണാകുളം ജില്ലയിലെ മലയോര മേഖലയായ മൂവാറ്റുപുഴ, തൊടുപുഴ, കോതമംഗലം തുടങ്ങിയ പ്രദേശങ്ങളെ ജില്ലയുടെ ഭരണസിരാകേന്ദ്രമായ കാക്കനാടുമായി ബന്ധിപ്പിക്കുന്ന പ്രധാനപാതയാണ് മൂവാറ്റുപുഴ-കാക്കനാട് റോഡ്. മൂവാറ്റുപുഴയിലെ കീച്ചേരിപ്പടിയിൽ നിന്നാരംഭിച്ച് കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വീട്ടൂർ, നെല്ലാട്, മംഗലത്തുനട, പട്ടിമറ്റം, കിഴക്കമ്പലം വഴി കാക്കനാടേയ്ക്ക് ഒരു നാലുവരിപ്പാത നിർമ്മിക്കുന്നതിന് 2006-ൽ എൽ.ഡി.എഫ്. സർക്കാർ അംഗീകാരം നൽകുകയും തുടർന്ന് സാധ്യതാപഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. 2016-17-ലെ ബഡ്ജറ്റിൽ ഈ പാതയുടെ നിർമ്മാണത്തിനായി ഏകദേശം 40 കോടി രൂപ വകയിരുത്തുകയുണ്ടായി. തുടർന്ന് സർവ്വേ നടപടികൾ ആരംഭിച്ചുവെങ്കിലും സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ ആറുവർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതും കോതമംഗലത്തെ തങ്കളത്തുനിന്നും ആരംഭിക്കുന്നതുമായ തങ്കളം-കാക്കനാട് നാലുവരിപ്പാത കുന്നത്തുനാട് മണ്ഡലത്തിലെ

കിഴക്കമ്പലത്തുകൂടിയാണ് കടന്നുപോകുന്നത്. മൂവാറ്റുപുഴയിൽ നിന്നാരംഭിക്കുന്ന നിർദ്ദിഷ്ട പാത കിഴക്കമ്പലത്തുവച്ച് തങ്കളം-കാക്കനാട് പാതയുമായി ബന്ധിപ്പിക്കാവുന്നതാണ്. 23 കിലോമീറ്റർ നീളമുള്ള നിർദ്ദിഷ്ട പാത കടന്നുപോകുന്ന പട്ടിമറ്റത്തെ റസ്റ്റ് ഹൗസിൽ പ്രൊജക്ട് ഓഫീസ് ഉൾപ്പെടെയുള്ള അനുബന്ധസൗകര്യങ്ങൾ സജ്ജമാക്കിയാൽ ഈ പദ്ധതി അതിവേഗത്തിൽ പൂർത്തിയാക്കാൻ കഴിയുന്നതാണ്. പ്രതിദിനം ആയിരക്കണക്കിനാളുകൾ കാക്കനാട്ടേയ്ക്കും ജില്ലാ ആസ്ഥാനത്തേക്കും കൊച്ചിയിലേക്കും പോകുന്നതിന് ആശ്രയിക്കുന്ന മൂവാറ്റുപുഴ-കാക്കനാട് റോഡ് നാലുവരിപ്പാതയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇവിടെ ശ്രീ. പി. വി. ശ്രീനിജിൻ ഉന്നയിച്ച വിഷയം മൂവാറ്റുപ്പുഴ - കാക്കനാട് നാലുവരിപ്പാത ആക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ വിഷയമാണ്. ഭരണാനുമതി നൽകിയ പദ്ധതിയാണ്. 12.02.2021-ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ രണ്ടു

വർഷത്തേയ്ക്കുകൂടി പുതുക്കി നൽകിയിട്ടുണ്ട്. ഇപ്പോൾ കെ. ആർ. എഫ്. ബി -പി. എം. യു.-വിനാണ് ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല. വനംവകുപ്പുമായി ബന്ധപ്പെട്ട ഭൂമിയുണ്ട്. വനംവകുപ്പിന്റെ ഭൂമിയിൽക്കൂടിയും ഈ പാത കടന്നു പോകുന്നുയെന്നുള്ളതുകൊണ്ട് ഇതിന്റെ ഭാഗമായി വെട്ടൂർ ടിംബർ ഡിപ്പോ ഉൾപ്പെടുന്ന വന ഭൂമിയിൽ ലെവൽസ് എടുക്കുന്നതിനായി സർവ്വേ നടപടികൾ നടത്തുവാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് 13.09.2021, 02.11.2021, 01.02.2022 എന്നീ തീയതികളിൽ കത്തുനൽകിയിട്ടുണ്ട്. വനംവകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് അംഗീകരിച്ച അലൈൻമെന്റും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും 22.06.2022-ൽ കൈമാറിയിട്ടുണ്ട്. വനംവകുപ്പിൽനിന്നും അനുവാദം ലഭിച്ചതിനുശേഷം പ്രസ്തുത വനഭൂമിയിലെ ലെവൽസ് ഇൻവെസ്റ്റിഗേഷൻ വിഭാഗം തയാറാക്കും. ഇതുമായി ബന്ധപ്പെട്ട് വനംവകുപ്പുമന്ത്രിയുമായി പ്രത്യേകം ചർച്ച നടത്തുന്നതാണ്. ലെവൽസ് ആകുമ്പോൾ നമുക്ക് അറിയാം ഈ റോഡിന്റെ എല്ലാ നിരയിലും ഉയർച്ചയും താഴ്ചയും ഒക്കെതന്നെ സൈറ്റിൽനിന്നും അളന്ന് കണക്കാക്കി ഒരു പേപ്പറിൽ നമ്മൾ പ്ലോട്ട് ചെയ്യുന്ന ലെവൽസാണ്. ആ ലെവൽസ് ഇൻവെസ്റ്റിഗേഷൻ വിഭാഗം തയാറാക്കും. അതിനുശേഷം

ഡിസൈൻ വിഭാഗത്തിന് ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് തയാറാക്കി സമർപ്പിക്കുവാനാകും. ഈ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി. വി. ശ്രീനിജിൻ ഉദ്ദേശിക്കുന്നതുപോലെ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു പ്രത്യേക നിർദ്ദേശം നൽകുന്നതാണ്.

## 9. ക്ഷീരമേഖലയിലെ ക്ഷേമപ്രവർത്തനങ്ങൾ

ശ്രീ. കെ. പി. മോഹനൻ: സർ, കേരളത്തിലെ പതിനായിരകണക്കിന് ക്ഷീരകർഷകരുടെ പ്രശ്നമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഗ്രാമീണമേഖലയിൽ പ്രത്യേകിച്ച് ക്ഷീരസംഘങ്ങൾ മുഖാന്തരമാണ് പാൽ അളന്ന് കർഷകരിൽനിന്നും ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നത്. ആ സംഘങ്ങൾ ഇന്ന് വളരെയധികം വിഷമത്തിലാണ്. അവർക്ക് മതിയായ സൗജന്യമായിട്ടുള്ള തീറ്റയും അതുപോലുള്ള കാര്യങ്ങളുമായി നമുക്ക് മുന്നോട്ടുപോകാൻ സാധിക്കണം. അതോടൊപ്പം എന്റെ നിയോജകമണ്ഡലത്തിൽ മാത്രമായി എണ്ണൂറ്റിയേഴ് കർഷകരുണ്ട്. അതോടൊപ്പംതന്നെ അമ്പതോളം ക്ഷീരകർഷക സംഘങ്ങളുണ്ട്. മഴക്കാലമായാൽ അവരുടെ പ്രശ്നങ്ങൾ വളരെ ഗൗരവത്തോടുകൂടി കാണണം.

മഴക്കാലത്ത് തീറ്റ ലഭിക്കുന്നില്ല. അതോടൊപ്പംതന്നെ നമ്മുടെ കേരള ഫീഡ്സിൽ നിന്നും കുറെയൊക്കെ സൗജന്യ നിരക്കിൽ നൽകാനുള്ള നടപടികൾ സ്വീകരിക്കണം. പാലിന്റെ സബ്സിഡി തുക വർദ്ധിപ്പിക്കണം. പ്രാഥമിക ക്ഷീര സംഘങ്ങളിൽനിന്ന് സ്കൂൾ അംഗനവാടികൾക്ക് പാൽ വാങ്ങുന്നതിന് സർക്കാർ ഉത്തരവിറക്കി അവരെ സഹായിക്കാൻ നടപടിയുണ്ടാവണം. ഇപ്പോൾ അതില്ലായെന്നാണ് കാണുന്നത്. പാനൂർ, കുത്തുപറമ്പ് ബ്ലോക്കിലെ ക്ഷീരകർഷക സംഘങ്ങളുടെയും സെക്രട്ടറിമാരുടെയും യോഗം വിളിച്ചു. അവർക്ക് ഒരാഗ്രഹമുണ്ട്. സ്വന്തമായി രൂപീകരിച്ച് പാസ്റ്ററൈസേഷൻ മിൽക്ക് പ്ലാന്റ് സ്ഥാപിക്കുകായെന്നത്. ആനന്ദ് മോഡലിൽ വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കുകായെന്നത്. ഇതിനുള്ള സഹായസഹകരണങ്ങൾ സർക്കാരിൽനിന്നും ലഭ്യമാകണം. ക്ഷീര ഓഫീസുകളിൽ ഇന്ന് ഓഫീസറില്ല, ജീവനക്കാരുമില്ല. ഏകദേശം പാനൂരിൽ മാത്രമായിട്ട് ഡയറി എക്സ്റ്റെഷൻ ഓഫീസർ, ക്ലാർക്ക്, ഡയറി ഫാം ഇൻസ്പക്ടർ രണ്ട് പോസ്റ്റുണ്ട് അതിൽ ഒന്ന് ഉൾപ്പെടെ മേൽ തസ്തികകളിൽ നിലവിൽ ഒഴിവുകളുണ്ട്. അതെല്ലാം നൽകിക്കൊണ്ട് ക്ഷീരകർഷകരെ സഹായിക്കാൻ മുന്നോട്ടുവന്നാൽ മാത്രമേ ക്ഷീരകർഷകരും

ക്ഷീരസംഘങ്ങൾക്കും രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതാണ്. ഇപ്പോൾ മിൽമയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നങ്ങൾ ഉള്ളതുകൊണ്ട് അതുപരിഹരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചാൽ മാത്രമേ അവർക്ക് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. അതോടൊപ്പം നന്നായിട്ടുതന്നെ രാത്രികാലസേവനങ്ങളൊക്കെ തന്നെയുണ്ട്. അതൊക്കെ യഥാവിധി അവർക്ക് ലഭിക്കുന്നില്ല. ലഭിക്കാനുള്ള നടപടികൾ ഉണ്ടാവണം. ഇന്ന് വളരെ കഷ്ടപ്പെട്ടാണ് ക്ഷീരകർഷകരും ക്ഷീരസംഘങ്ങളും മുന്നോട്ടുപോകുന്നത്. വളരെ നന്നായി പ്രവർത്തിച്ചിരുന്നതാണ്. അതിനുള്ള നടപടികളുണ്ടാവണമെന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ക്ഷീരസംഘങ്ങൾ മുഖേന ക്ഷീരകർഷകർക്ക് ഇരുപതുരൂപ അംശാദായ ഇനത്തിൽ ക്ഷീരകർഷക ക്ഷേമനിധിയിൽ ഒടുക്കുന്ന തുക ഉൾപ്പെടെയുള്ള മറ്റ് അംശാദായ തുകകളാണ് ക്ഷേമനിധിയുടെ പ്രധാന വരുമാന സ്രോതസ്. ക്ഷേമനിധിയിലെ അംഗങ്ങൾക്ക് 1,600 രൂപ പെൻഷൻ നൽകുന്നുണ്ട്. ഇതിൽ 1,300 രൂപ സർക്കാർ വിഹിതവും 300

രൂപ പിരിച്ചെടുക്കുന്ന അംശാദായ തുകയിൽനിന്നുള്ള ക്ഷേമനിധി ബോർഡ് വിഹിതവുമാണ്. ടി തുക ഉപയോഗിച്ച് പെൻഷൻ കൂടാതെ കുടുംബപെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ക്ഷീരസുരക്ഷ പദ്ധതി, വിദ്യാഭ്യാസ ധനസഹായം, കൊവിഡ് ധനസഹായം തുടങ്ങിയവയും നൽകിവരുന്നു. 2021-2022 വർഷം 55,155 അംഗങ്ങൾക്ക് പെൻഷനും 3,890 പേർക്ക് കുടുംബപെൻഷനും 1,352 പേർക്ക് വിവാഹ ധനസഹായവും 1,333 പേർക്ക് മരണാനന്തര ധനസഹായവും 337 പേർക്ക് ക്ഷീരസുരക്ഷ പദ്ധതിയും 413 പേർക്ക് വിദ്യാഭ്യാസ ധനസഹായവും കൊവിഡ് ധനസഹായമായി 10,000 രൂപ വീതം 725 അംഗങ്ങൾക്കും കൊവിഡ് നിരീക്ഷണത്തിനുള്ള അംഗങ്ങൾക്ക് 2,000 രൂപ വീതവും കൊവിഡ് പോസിറ്റീവായവർക്ക് 5,000 രൂപയും ധനസഹായം നൽകിയിട്ടുണ്ട്. പ്രസ്തുത അംശാദായ തുകയിൽനിന്നുമാണ് പെൻഷന്റെ ക്ഷേമനിധി വിഹിതം ഉൾപ്പെടെയുള്ള എല്ലാ ധനസഹായങ്ങളും വിതരണം ചെയ്തുവരുന്നത്. നിലവിലെ ക്ഷേമനിധി നിയമപ്രകാരം അംശാദായമായി അടവാക്കുന്ന തുക തിരികെ നൽകുന്നതിന് വ്യവസ്ഥയില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേന്ദ്രപദ്ധതി ആയതിനാൽ ക്ഷീരമേഖലയിലെ

പ്രവൃത്തിദിനങ്ങൾ തൊഴിൽദിനങ്ങളായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിനാണ്. ക്ഷീരകർഷകരെ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിവേദനം പലതവണ കേന്ദ്രസർക്കാരിനു നൽകിയിട്ടുണ്ട്. എന്നാൽ യാതൊരു അനുകൂല നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. എന്നാൽ കാലിത്തൊഴുത്തുനിർമ്മാണം തീറ്റപുൽകൃഷി, അസോള ടാങ്ക് നിർമ്മാണം തുടങ്ങിയവ ക്ഷീരമേഖലയിലെ പ്രവർത്തനങ്ങൾ നിലവിൽ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ 2019-2020 സാമ്പത്തിക വർഷം മുതൽ നഗരപ്രദേശങ്ങളിൽ രണ്ടു കന്നുകാലികളിൽ കൂടുതലുള്ള അവശത അനുഭവിക്കുന്ന വിഭാഗങ്ങളിൽപ്പെടുന്ന ക്ഷീരകർഷകരെ സംസ്ഥാന സർക്കാരിന്റെ അയ്യങ്കാളി നഗര തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി പരമാവധി 100 ദിവസത്തെ വേതനം അയ്യങ്കാളി നഗര തൊഴിലുറപ്പു ഫണ്ടിൽനിന്നും നൽകുന്നുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ക്ഷീര വികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ നാലുരൂപവരെ പാലിന് ഇൻസെന്റീവ് നൽകുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള പ്രധാന

പദ്ധതികളിലൊന്നാണ് ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് ഇൻസെന്റീവ് നൽകുന്ന പദ്ധതി. ഞാൻ കഴിഞ്ഞ ഒരു ദിവസം ഇവിടെതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ മാസം മുതൽതന്നെ ജൂലൈയിൽ ഇൻസെന്റീവ് കൊടുത്തു തുടങ്ങും. ആഗസ്റ്റ് ഒന്നു മുതൽ അതെല്ലാ ക്ഷീരകർഷകർക്കും ക്ഷീര സംഘങ്ങളിൽ അളക്കുന്ന മുഴുവൻ കർഷകർക്കും ഇൻസെന്റീവ് നൽകുന്നതാണ്. അംഗൻവാടി കുട്ടികൾക്ക് ക്ഷീരസംഘങ്ങളിൽനിന്ന് പാൽ വാങ്ങുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. വനിത-ശിശു വികസനവകുപ്പ് പുറത്തിറക്കിയ 20.05.2022-ലെ സർക്കുലർ പ്രകാരം അംഗൻവാടിയിൽ വിതരണത്തിനായി ആവശ്യമായ പാൽ മിൽമയിൽനിന്നോ മിൽമ പാൽ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ക്ഷീരസഹകരണ സംഘങ്ങളിൽനിന്നോ വാങ്ങുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## 10. ചടങ്ങിൽനിന്നും ടീം ഫിസിയോയെ ഒഴിവാക്കിയ നടപടി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സന്തോഷ് ട്രോഫി നേടിയ കേരള ടീമിന് സർക്കാർ സ്വീകരണം ഏർപ്പെടുത്തിയിരുന്നു. ഞാൻ ആ കാര്യത്തിൽ സർക്കാരിനെ അഭിനന്ദിക്കുകയാണ്. നമ്മുടെ ടീം അംഗങ്ങളെയും ഞാൻ

അഭിനന്ദിക്കുന്നു. 1941-ലാണ് സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റ് ആരംഭിച്ചത്. കേരളം ഏഴുതവണ ജേതാക്കളായിട്ടുണ്ട്. എട്ടുതവണ റണ്ണേഴ്സ് അപ്പും. നമ്മൾ മൂന്നാം സ്ഥാനത്താണ്. മുപ്പത്തിരണ്ട് തവണ ജേതാക്കളായ ബംഗാൾ ഒന്നാം സ്ഥാനത്തും എട്ട് തവണ ജേതാക്കളായ പഞ്ചാബ് രണ്ടാം സ്ഥാനത്തും നമ്മൾ മൂന്നാം സ്ഥാനത്തുമാണ്. ഇത്തവണ മഞ്ചേരിയിൽ നമ്മുടെ ടീം സന്തോഷ് ട്രോഫിയിൽ മുത്തമിട്ടു. നമ്മുടെ അഭിമാനവും യശസ്സും ഉയർത്തിപ്പിടിച്ച ടീമംഗങ്ങളെ തീർച്ചയായും നമുക്ക് അഭിനന്ദിക്കേണ്ടതുണ്ട്. സന്തോഷ് ട്രോഫി ജേതാക്കൾക്ക് നിയമസഭയിൽ ആർ. ശങ്കരൻനാരായണൻതമ്പി മെമ്പേഴ്സ് ലോഞ്ചിലാണ് സ്വീകരണം നൽകിയത്. ടീമിൽ 20 കളിക്കാരാണുണ്ടായിരുന്നത്. കോച്ച്-1, ഒരു അസിസ്റ്റന്റ് കോച്ച്, ഒരു ഗോൾ കീപ്പർ കോച്ച്, ഒരു മാനേജർ, ഇത്രയും ടീമംഗങ്ങളെയാണ് നിയമസഭയിൽവച്ച് ആദരവുനൽകിയത്. പക്ഷെ, ആ ടീമിലെ അംഗവും ഫിസിയോതെറാപ്പിസ്റ്റുമായ മുഹമ്മദ് ബട്‌ലയെ ആ ചടങ്ങിലേയ്ക്ക് പങ്കെടുപ്പിക്കുകയോ ആദരം നൽകുകയോ ചെയ്തില്ല. ഒരു ടീമിനെ സംബന്ധിച്ച്, ആ ടീമിലെ അവിഭാജ്യഘടകമാണ് ഫിസിയോ തെറാപ്പിസ്റ്റ്. ഒരു ടീമിന് ഊർജ്ജം നൽകുന്നത് ഫിസിയോ തെറാപ്പിസ്റ്റാണ്.

കളിക്കളത്തിൽ ഏതെങ്കിലുമൊരു കളിക്കാരന് പരിക്കുപറ്റുകയോ മറ്റെന്തെങ്കിലും അപകടം സംഭവിക്കുകയോ ചെയ്താൽ തക്ക സമയത്ത് ഇടപെട്ട്, ആ കളിക്കാരനെ കളിയിൽ വീണ്ടും സജ്ജമാക്കുന്നതിൽ ഫിസിയോതെറാപ്പിസ്റ്റ് വലിയ പങ്കാണ് വഹിക്കുന്നത്. മുഹമ്മദ് ബട്‌ല എന്ന ഫിസിയോ തെറാപ്പിസ്റ്റ് സന്തോഷ് ട്രോഫി ടീമംഗങ്ങൾക്ക് വലിയ പ്രചോദനമായിരുന്നു. സന്തോഷ് ട്രോഫി കേരളം നേടിയതിലും അദ്ദേഹത്തിന്റെ വലിയ സംഭവനയുണ്ടായിരുന്നുവെന്ന് നമുക്കെല്ലാമറിയാം. പക്ഷെ അദ്ദേഹത്തെ ആ സ്വീകരണച്ചടങ്ങിൽ പങ്കെടുപ്പിച്ചില്ല. ഈ കാര്യം, ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ, അദ്ദേഹത്തിനും വലിയ വിഷമവും പ്രയാസവുമുണ്ടായിരുന്നു, ആ വിഷമം അദ്ദേഹം പ്രകടിപ്പിക്കുകയും എവിടെയാണ് വീഴ്ച പറ്റിയതെന്ന് അന്വേഷിക്കാമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇതൊരു വലിയ പാളിച്ചയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ടീമിലെ മറ്റ് എല്ലാ അംഗങ്ങളെയും സ്വീകരണത്തിൽ പങ്കെടുപ്പിച്ചപ്പോൾ, ഈയൊരു ഫിസിയോതെറാപ്പിസ്റ്റിനെമാത്രം അവഗണിക്കാനുണ്ടായ കാരണമെന്താണെന്ന് അറിയേണ്ടതുണ്ട്. കാസർഗോഡ് ജില്ലയിൽനിന്നുള്ള

ഒരു ജനപ്രതിനിധിയെന്ന നിലയിൽ, മുഹമ്മദ് ബട്ല എന്റെ മണ്ഡലത്തിൽനിന്നുള്ള ടീമംഗം കൂടിയാണ്. കാസർഗോഡ് ജില്ലയിൽനിന്നും അഞ്ച് എം.എൽ.എ.മാരുണ്ട്, ഞങ്ങളുടെയെല്ലാം ഒരു സംശയം, ഞങ്ങളെല്ലാം കാസർഗോഡ് ജില്ലയിൽ ജനിച്ചുപോയതുകൊണ്ടാണോ ഈ അവഗണനയെന്നുള്ളതാണ്. അതുകൊണ്ട് ആർക്കാണോ വീഴ്ച പറ്റിയത്; അവർക്കെതിരെ അന്വേഷണം നടത്തി, നടപടി സ്വീകരിക്കണമെന്നും മുഹമ്മദ് ബട്ലയ്ക്ക് അർഹമായ അംഗീകാരവും പാരിതോഷികവും നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ അപേക്ഷിക്കുന്നത്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി.അബ്ദുറഹിമാൻ</u>): സർ, ബഹുമാനപ്പെട്ട എം.എൽ.എ., ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച സബ്മിഷനുള്ള മറുപടിയാണ്. സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനൽ മത്സരം മഞ്ചേരിയിൽ വളരെ നല്ല രീതിയിൽ നടക്കുകയുണ്ടായി. ആ മത്സരത്തിൽ കേരളം ജേതാക്കളാവുകയും ട്രോഫി നേടുകയും ചെയ്തു. സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനൽ മത്സരത്തിൽ പങ്കെടുത്ത 20 കളിക്കാർക്കും ബന്ധപ്പെട്ട ആളുകൾക്കും പാരിതോഷികം നൽകാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, മുഖ്യ

പരിശീലകനടക്കം 20 ടീമംഗങ്ങൾക്ക് അഞ്ചുലക്ഷം രൂപയും അസിസ്റ്റന്റ് പരിശീലകനും മാനേജർക്കും മൂന്നുലക്ഷം രൂപ വീതവും നൽകുകയുണ്ടായി. മിഥുൻ വി, ഹജ്മൽ എസ്, എന്നീ ഗോൾകീപ്പർമാരും സോയൽ ജോഷി, സഞ്ചു ജി, ബിബിൻ അജയൻ, അജയ് അലക്സ്, മുഹമ്മദ് ഹഫീസ്, സൽമാൻ കല്ലയത്ത്, മുഹമ്മദ് ബാസിത് കെ. എന്നീ ഡിഫന്റർമാരേയും അഖിൽ പി., ജിജോ ജോസഫ് (ക്യാപ്റ്റൻ), അർജ്ജുൻ ജയരാജ്, നൗഫൽ പി.എം, ഷിജിൽ, ജിജോ ഗിൽബർട്ട്, ഫസിലുർ റഹ്മാൻ എന്നീ മിഡ് ഡിഫന്റർമാരേയും മുഹമ്മദ് ഫാസിൽ പി. ടി., മുഹമ്മദ് സവാദ്, ജസ്റ്റിൻ ടി. കെ., വിഗ്നേഷ്, വിനോദ് ജോബ് എന്നീ ഫോർവേഡ് കളിക്കാരേയും പുരുഷോത്തമൻ അസിസ്റ്റന്റ് കോച്ച്, മുഹമ്മദ് സലീം മാനേജർ, സിജി ജോർജ്ജ് ഗോൾ കീപ്പർ ട്രെയിനി, എന്നീ ടീമംഗങ്ങളുടെ പേരുവിവരമാണ് പാരിതോഷികം നൽകുന്നതിനായി ശിപാർശ ചെയ്ത് വന്നിട്ടുള്ള ലിസ്റ്റ്. ഇത്രയും വിവരമാണ് ഈ സബ്മിഷനുമായി ബന്ധപ്പെട്ട് നൽകാനുള്ളത്.